81 (507) വയനാട് ജില്ലയിലെ റോഡുകൾ

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പൊതുമരാമത്ത് വക റോഡുകൾ കഴിഞ്ഞ കാലവർഷത്തെ തുടർന്ന് തകർന്ന് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമയബന്ധിതമായി റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ;

(സി) ഈ വർഷം മാനന്തവാടി താലൂക്കിൽ എത്ര കിലോ മീറ്റർ പുതിയ റോഡ് നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്; ഇതിൽ എത്ര കിലോ മീറ്റർ റോഡ് നിർമ്മിച്ചു;

(ഡി) ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) പണികൾ നടന്നുകൊണ്ടിരിക്കുന്നു. ചില റോഡുകളുടെ അറ്റകുറ്റപ്പണികൾ കഴിഞ്ഞു.

(സി) പുതിയ റോഡുകൾ ഇപ്പോൾ ഏറ്റെടുക്കുന്നില്ല.

(ഡി) ബാധകമല്ല.

82 (508) കോട്ടയം ബൈപാസ്സിന്റെയും ചങ്ങനാശ്ശേരി-കോട്ടയം ബൈപ്പാസിന്റെയും നിർമ്മാണ പുരോഗതി

ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ബൈപ്പാസിന്റെയും ചങ്ങനാശ്ശേരി-കോട്ടയം ബൈപ്പാസ്സിന്റെയും നിർമ്മാണ പുരോഗതി എന്തെന്നു വ്യക്തമാക്കുമോ;

(ബി) ഈ രണ്ടു ബൈപ്പാസ്സിന്റെയും നിർമ്മാണം എപ്പോൾ പൂർത്തിയാക്കുവാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ;

(സി) ഈ രണ്ടു ബൈപ്പാസ്സുകളുടേയും നിർമ്മാണം നബാർഡ് സ്കീമിൽ ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോട്ടയം ബൈപ്പാസ്സിന്റെ 1-ാം റീച്ചിന്റെ 90% പണി തീർന്നു. ബാക്കി പണിയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. ചങ്ങനാശ്ശേരി ബൈപാസിന്റെ 1-ാം റീച്ചിന്റെ 25% പണി തീർന്നു. മൂന്നും നാലും റീച്ചിന്റെ അലൈമെന്റ് അംഗീകരിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചു മാത്രമേ പണി പൂർത്തിയാക്കുവാൻ കഴിയുകയുള്ളു.

(സി) ഈ രണ്ട് ബൈപാസുകളുടേയും നിർമ്മാണം ഇപ്പോൾ ലോക ബാങ്കിന്റെ സ്കീമിൽ ഉൾപ്പെടുത്തുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly